# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം.

(ഹാജർ:- ശ്രീ. എസ്. ഹരികിഷോർ, ഐഎഎസ്)

വിഷയം: സംസ്ഥാന കുടുംബശ്രീ - ദേശീയ നഗര ഉപജീവന മിഷൻ - കൊല്ലം കോർപ്പറേഷൻ - കിളിക്കൊല്ലൂർ മഹിള മന്ദിര പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചത് - തുടർ നടത്തിപ്പിനും പരിപാലനത്തിനുമുള്ള ആദ്യ വർഷത്തെ തുക അനുവദിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

പരാമർശം:

1. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6:7 ഉപഘടകം 6.7.1
2. കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ പ്രോജക്ട് റിപ്പോർട്ട്
3. 25/09/2015, 29/10/2015 എന്നീ തീയതികളിൽ കൂടിയ സംസ്ഥാനതല പ്രോജക്ട് സാങ്ഷനിംഗ് കമ്മിറ്റിയുടെ തീരുമാനം നമ്പർ - 4.
4. 14/1/2016-ൽ ഈ ഓഫീസിൽ നിന്ന് പുറപ്പെടുവിച്ച 4868/എഫ്/2015/KSHO നമ്പർ ഉത്തരവ്
5. 9/11/2016-ലെ ഈ ഓഫീസിലെ 4868/എഫ്/2015/ കെഎസ്എച്ച്ഒ നമ്പർ ഉത്തരവ്
6. 30/3/2017-ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്
7. 24.3.2018- തീയതിയായി കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമർപ്പിച്ചിരിക്കുന്ന എൻ.യു.എൽ.എം/46864 & 34368/15-ാം നമ്പർ കത്ത്.

***<u>ഉത്തരവ് നമ്പർ 9417/F/2016/KSHO തീയതി 31..03..2018</u>***

ദേശീയ നഗര ഉപജീവന മിഷന്റെ നഗര ദരിദ്രർക്കുള്ള ഭവന പദ്ധതി പ്രകാരം ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിനായി പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തിയോ നിലവിലുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തിയോ ഏറ്റെടുക്കാവുന്നതാണ്.

ടി വ്യവസ്ഥ പ്രകാരം കൊല്ലം കോർപ്പറേഷൻ പരാമർശം (2) പ്രകാരം സമർപ്പിച്ചിരിക്കുന്ന 4834190 രൂപ അടങ്കലുള്ള മഹിളാമന്ദിര പുനരുദ്ധാരണ പദ്ധതി പരാമർശം (3) പ്രകാരം കൂടിയ സംസ്ഥാനതല പ്രോജക്ട് സാങ്ഷനിംഗ് കമ്മിറ്റി അംഗീകരിച്ച് പ്രവർത്തനാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ടി തുകയ്ക്കുള്ള ഭരണാനുമതിയും ബന്ധപ്പെട്ട കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ നിന്ന് ഒന്നാം ഗഡു 40% തുകയായ 19,33,676/- രൂപ അനുവദിച്ചുത്തരവായിരുന്നു.

എന്നാൽ, ടി തുക ജില്ലാ മിഷനിൽ നിന്ന് അനുവദിച്ചു കിട്ടിയില്ലായെന്ന് നഗരസഭ സെക്രട്ടറി 29/9/2016-ൽ റിപ്പോർട്ട് ചെയതതിന്റെ അടിസ്ഥാനത്തിൽ ആദ്യഗഡു 1933676 രൂപ പരാമർശം (5) പ്രകാരം സംസ്ഥാന മിഷനിൽ നിന്ന് അനുവദിച്ചിട്ടുണ്ട്.

പരാമർശം (6) പ്രകാരം കോർപ്പറേഷൻ സെക്രട്ടറി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ 90% സിവിൽ ജോലികൾ പൂർത്തിയായിട്ടുണ്ടെന്നും പാർട്ട് പേയ്മെന്റായി 16,30,784 രൂപ നൽകിയിട്ടുണ്ടെന്നും ബാക്കി തുക അനുവദിക്കുന്നതിലേയ്ക്കായി രണ്ട്, മൂന്ന് ഗഡു തുക അനുവദിച്ചു നൽകണമെന്നും അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) ഉത്തരവു പ്രകാരം ആകെ 2000514/-രൂപ നഗരസഭ ഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിനുള്ള ചെലവനുമതി നൽകിയിരുന്നു.

പരാമർശം (7) പ്രകാരം ടി മന്ദിരത്തിന്റെ ഒ & എം കോസ്റ്റ് അനുവദിക്കുന്നതിന് നഗരസഭ സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ 2017-18 ലെ ഒ & എം വാർഷിക തുക 6,00,000/- രൂപ (ആറ് ലക്ഷം രൂപ) പൂർണ്ണമായും അനുവദിച്ച് ഉത്തരവാകുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ തുക | അനുവദിച്ച തുക (ഒന്നാം ഗഡു-40%) | ചെലവ് അനുമതി നൽകിയ തുക | ആകെ | പദ്ധതി പൂർത്തീകരിച്ച തീയതി | അനുവദിക്കുന്ന ഒ&എം കോസ്റ്റ് 2017-18 |
|---|---|---|---|---|---|---|
| കിളികൊല്ലൂർ മഹിളാ മന്ദിര പുനരുദ്ധാരണം | 4834190 | 1933676 | 2000514 | 3934190 | 24.3.2018 | 600000 |

ടി ചെലവ് എൻയുഎൽഎം ഫണ്ടിലെ സപ്പോർട്ട് ടു അർബൻ ഹോംലെസ്സ് ശീർഷകത്തിൽ ഒ & എം കോസ്റ്റ് എന്ന ഉപശീർഷകത്തിൽ (5.3) വകയിരുത്തേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ
2. അക്കൗണ്ട്സ് സെക്ഷൻ - അറിവിലേയ്ക്കായി

പകർപ്പ്:
1. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, കൊല്ലം
2. സിറ്റി പ്രോജക്ട് ഓഫീസർ, കൊല്ലം കോർപ്പറേഷൻ
3. സിറ്റി മാനേജ്മെന്റ് യൂണിറ്റ്, കൊല്ലം കോർപ്പറേഷൻ
4. കരുതൽ / അധികം

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ